**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3622** | **08-10-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യക്തികൾ ദാനമായി നൽകുന്ന ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. രാജ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വകാര്യ വ്യക്തികൾ ദാനമായി നൽകുന്ന ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ വിശദമാക്കാമോ? | (എ) | സ്വകാര്യ വ്യക്തികൾ സർക്കാരിന് സ്വമേധയാ നൽകുന്ന ദാനാധാരങ്ങൾക്ക് SRO No.248/65 നമ്പരായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 04.06.1965 -ലെ G.O(Ms)No.510/1965/RD, നമ്പർ ഉത്തരവിനാൽ സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിയിട്ടുണ്ട്.<br><br>സ്വകാര്യ ഭൂമി സർക്കാർ ആവശ്യങ്ങൾക്കായി സർക്കാരിന്റെ പേരിൽ വാങ്ങുമ്പോൾ 1959 -ലെ കേരള മുദ്രപത്ര നിയമം വകുപ്പ് 3(1) ന ചുവടെയുള്ള പ്രൊവൈസോ (1) പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയും, സർക്കാരിന്റ പേരിൽ വാങ്ങുന്ന വിലയാധാരങ്ങൾക്ക് SRO No.755/2015 നമ്പരായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 17.11.2015 ലെ G.O(P) No.201/2015/TD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഫീസും ഒഴിവാക്കിയിട്ടുള്ളതാണ്.<br><br>കേന്ദ്ര സർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ പേർക്ക് ലഭ്യമാകുന്ന ദാനാധാരങ്ങൾക്ക് SRO No.249/2018 നമ്പരായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 24.04.2018 ലെ G.O(P)No.64/2018/TD നമ്പർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിയിട്ടുള്ളതാണ്.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ തീറായി വാങ്ങുന്ന ഭൂമിയുടെയും, സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവരുടെ പേർക്ക് സ്വകാര്യവ്യക്തികൾ ദാനമായി നൽകുന്ന ഭൂമിയുടെയും രജിസ്ട്രേഷന് മുദ്രവിലയും, രജിസ്ട്രേഷൻ ഫീസും യഥാക്രമം S.R.O No.84/2020, S.R.O.No.86/2020 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 30.01.2020 തീയതിയിലെ G.O(P)No.09/2020/TD, G.O(P)No.10/2020/TD |

| | | | |
|---|---|---|---|
| | | | എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്.<br><br>ടി ഉത്തരവുകൾ പ്രകാരമുള്ള ഇളവ് ലഭ്യമാകുന്നതിനായി ആയത് ബന്ധപ്പെട്ട ആധാരത്തിൽ ചേർത്ത് രജിസ്ട്രേഷനായി ഹാജരാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ